ഉത്തരം

(എ)-(ഇ) നെല്ലിയൂർ എന്ന പേരിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം നിലവിലില്ല. എന്നാൽ കോയിപ്രം പഞ്ചായത്തിലെ നെല്ലിക്കൽ എന്ന സ്ഥലത്ത് കോയിപ്രം പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഈ പി. എച്ച്.സി. യുടെ പുതിയ കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതിന് അധിക ജീവനക്കാരുടെ തസ്തികകൾ ആവശ്യമാണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത് അധികൃതരിൽ നിന്നും ലഭിച്ച നിവേദനത്തിൽ മേൽ, അധികജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കായംകുളം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ വികസന പ്രവർത്തനങ്ങൾ

163(1651)ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നശേഷം കായംകുളം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിയ പുതിയ സംവിധാനങ്ങൾ, അനുവദിച്ച പുതിയ ഉപകരണങ്ങൾ, നിർമ്മിച്ച കെട്ടിടങ്ങൾ, അതിനായി ചെലവഴിച്ച തുകകൾ എന്നിവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

കായംകുളം ഗവണ്മെന്റ് ആശുപത്രി ഓപ്പറേഷൻ തീയേറ്ററിനും സ്കാനിംഗ് റൂമിലും എ.സി.ഘടിപ്പിക്കുകയും മോർച്ചറിയിൽ ഫ്രീസർ ഘടിപ്പിക്കുന്ന പണി നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. സ്കാനിംഗ് മെഷീൻ, സക്ഷൻ അപ്പാരറ്റസ്, ആഫ്രീഫ് വെന്റിലേറ്റർ, കോർഡമാസ്റ്റർ ഡെഫിബ്രിലേറ്റർ തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കി. അതിനായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

1.	സ്കാനിംഗ് മെഷീൻ	-	5,50,000
2.	ഓപ്പറേഷൻ തീയേറ്ററും സ്കാനിംഗ് റൂമും എ.സി. ചെയ്തത് (എം.പി.ഫണ്ട്)	-	1,00,000
3.	മോർച്ചറിയിൽ ഫ്രീസർ ഘടിപ്പിക്കുന്നതിന്	-	2,00,000
4.	സക്ഷൻ അപ്പാരറ്റസ്	-	32,143
5.	സഫ്രിഫ് വെന്റിലേറ്റർ	-	1,32,000
6.	കോ ഡെമസ്റ്റർ ഡെഫിബ്രിലേറ്റർ	-	1,74,000

പുത്തൻചിറ ഗവണ്മെന്റ് ആയുർവേദ ഡിസ്പെൻസറി

164(1652) ശ്രീ. യു.എസ്. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിലെ പുത്തൻചിറ ഗവണ്മെന്റ് ആയുർവേദ ഡിസ്പെൻസറി ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള കെട്ടിടം പണി പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly